പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1575 | 02.07.2015 ലെ മറുപടിയ്ക്ക്

## വാഴക്കർഷകരുടെ നഷ്ടപരിഹാര തുക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.രവീന്ദ്രനാഥ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

(എ) പ്രകൃതിക്ഷോഭം മൂലം വിളവെടുപ്പ് ആകുമ്പോഴേക്കും,വാഴകൾ ഒടിഞ്ഞുവീണ് വാഴകൃഷി ചെയ്യുന്ന കർഷകർക്ക് ഭീമമായ നഷ്ടം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) ഉണ്ട്.

(ബി) എങ്കിൽ,പ്രസ്തുത കർഷകർക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന നഷ്ടപരിഹാരം വളരെ അപര്യാപ്തമാണെന്ന കാര്യം അറിയുമോ ;

(സി) ഇത്തരത്തിൽ നഷ്ടം ഉണ്ടാകുന്ന കർഷകർക്ക് വളരെ മെച്ചപ്പെട്ട രീതിയിൽ നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

(ബി) & (സി) പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് വാഴ ഉൾപ്പെടെ 27 വിളകൾക്ക് 11-06-2012-ലെ സ.ഉ.(എംഎസ്.) നം. 239/2012/ഡിഎംഡി ഉത്തരവ് പ്രകാരം നിശ്ചയിച്ചിരുന്ന നിരക്കിലാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്ന് ധനസഹായം നൽകി വന്നിരുന്നത്. അതാതു കാലത്ത് കേന്ദ്രസർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് SDRF ൽ നിന്ന് ധനസഹായം നൽകുന്നത്. SDRF മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-01-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12-09-2012-ലെ ജി.ഒ.(എംഎസ്.) നം. 343/2012/ഡിഎംഡി ഉത്തരവിന്റെ പരിധിയിൽ നിന്ന് സ. ഉ.(എംഎസ്.) നം. 239/2012/ഡിഎംഡി ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് അതിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ SDRF മാനദണ്ഡം കേന്ദ്ര സർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 01-03-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ.(എംഎസ്.) നം. 470/2013/ഡിഎംഡി ഉത്തരവിലും ഇതേ രീതിയിൽ തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലും മേല്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്കു ലഭിക്കുന്ന ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**